"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

150 YEARS OF CELEBRATING THE MAHATMA

**സംഗ്രഹം**

കൃഷി വകുപ്പ്- കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ശ്രീ. എസ്. സന്തോഷ് കുമാർ നിയമനത്തിനായി കാത്തു നിന്ന കാലയളവ് ക്രമീകരിച്ച് ഉത്തരവാകുന്നു.

---

**കൃഷി (ഇഎ) വകുപ്പ്**

സ.ഉ.(സാധാ) നം.881/2023/AGRI    തീയതി,തിരുവനന്തപുരം, 11-09-2023

---

പരാമർശം:-
1. സ.ഉ.(എം.എസ്സ്) നം 112/2020/പൊ.ഭ.വ. 07/06/2020
2. സ.ഉ.(സാധാ) നം. 941/2021/കൃഷി തീയതി 26/11/2021
3. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 01/03/2022, 22/06/2023 തീയതികളിലെ ADFW/97/2022-SB2 നമ്പർ കത്ത്

**ഉത്തരവ്**

കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ശ്രീ. എസ്. സന്തോഷ് കുമാർ സപ്ലൈക്കോയിലെ അന്യത്ര സേവനത്തിനുശേഷം 02.09.2021 ൽ സപ്ലൈക്കോയിൽ നിന്നും വിടുതൽ ചെയ്യുകയും എന്നാൽ ടിയാന്റെ ഭാര്യക്ക് കോവിഡ് ബാധിച്ചതിനാൽ ക്വാറന്റയ്നിൽ പോകേണ്ടിവന്നതിനാൽ ടിയാൻ 17/09/2021 ന് കൃഷി ഡയറക്ടർമുമ്പാകെ നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാന് പരാമർശം (1) ഉത്തരവ് പ്രകാരം കുന്നുമ്മൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറായി നിയമനം നൽകുകയും ടിയാൻ 01/12/2021 ൽ ടി തസ്തികയിൽ ചുമതലയേൽക്കുകുയുമുണ്ടായി. 03/09/2021 മുതൽ 30/11/2021 വരെയുള്ള കാലയളവിൽ വടകര കൃഷി അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ ഒഴിവുണ്ടായിരുന്നുവെന്നും ടിയാൻ നിയമനത്തിനായി കാത്തുനിന്ന 03/09/2021 മുതൽ 30/11/2021 വരെയുള്ള കാലയളവ് ക്രമീകരിച്ച് ഉത്തരവാകണമെന്നും കാർഷിക വികസന കർഷക ക്ഷേമവകുപ്പ് ഡയറക്ടർ പരാമർശം (3) കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷക ക്ഷേമവകുപ്പ് ഡയറക്ടറുടെ അഭ്യർത്ഥനയും കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ശ്രീ. എസ്. സന്തോഷ് കുമാറിന്റെ അപേക്ഷയും പരിഗണിച്ചു് ടിയാൻ നിയമനത്തിനായി കാത്തു നിന്ന 03/09/2021 മുതൽ 16/09/2021 വരെയുള്ള ക്വാറന്റൈൻ കാലയളവ് പരാമർശം (1) ഉത്തരവ് പ്രകാരം സ്പെഷ്യൽ കാഷ്വൽ ലീവായും 17/09/2021 ൽ മുതൽ 30/11/2021 വരെയുള്ള കാലയളവ് കെ.എസ്.ആർ ഭാഗം I ലെ ചട്ടം 12(7) ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ് സാബിർ ഹുസൈൻ**
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം
ശ്രീ. സന്തോഷ് കുമാർ എസ്. (കൃഷി ഡയറക്ടർ മുഖേന)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (AGRI-EA1/76/2022-AGRI)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ